(ബി) ബാർ ലൈസൻസ് ഫീസ് 30 ലക്ഷം രൂപയായി ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിച്ചത് 23 ലക്ഷം രൂപയായി കുറയ്ക്കുന്നതിന് 10 കോടി രൂപ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു കൈക്കൂലി വാങ്ങിയെന്നാണ് ബാർ ഹോട്ടൽ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റായ ശ്രീ. ബിജു രമേശ് വി.സി. 06/2014/എസ്.ഐ.2 യു. 1 കേസന്വേഷണ വേളയിൽ മജിസ്ട്രേറ്റ് മുമ്പാകെ മൊഴി നൽകിയത്. ഇതേക്കുറിച്ച് പ്രാഥമിക അന്വേഷണം നടന്നുവരുന്നതേയുള്ളൂ.

(സി) ടി വിഷയവുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നടക്കുന്നതിനാൽ വിശദാംശങ്ങൾ നൽകുവാൻ നിർവ്വാഹമില്ല.

മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ.അരുൺകുമാറിനെതിരെയുള്ള വിജിലൻസ് കേസ്

260 (264) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ട്.

(ബി) ശ്രീ. വി. എ. അരുൺ കുമാർ, 1999 ജൂൺ മുതൽ 2001 ജൂൺ വരെയുള്ള കാലഘട്ടത്തിൽ കയർഫെഡ് എം.ഡി. ആയിരിക്കെ, ചേർത്തല കയർ പാർക്കിൽ ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടമുണ്ടാക്കിയെന്ന ആരോപണത്തിൽ വി.സി. 03/2014/ എസ്.സി.റ്റി. എന്ന കേസ് 18-12-2014 - ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വിജിലൻസ് കേസന്വേഷണം പുരോഗമന ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly